പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:95 05.03.2018 ൽ മറുപടിയ്ക്ക്

## വൻകിടകമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. എ.പി. അനിൽ കുമാർ | | മറുപടി<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് വൻകിടകമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചെടുക്കുന്നതിന് നിയമനിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | പ്രസ്തുത നിയമത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) കേരള ലാൻഡ് ഗ്രാബിംഗ് (പ്രോഹിബിഷൻ) ആക്ട് 2017-ന്റെ കരട് തയ്യാറാക്കി നിയമ വകുപ്പിലേക്ക് അയച്ചിരുന്നു. ഇപ്പോൾ അത് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. |
| (സി) | 1957 ലെ ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് നിയോഗിച്ചിരുന്ന സ്പെഷ്യൽ ഓഫീസറുടെ നടപടി ക്രമങ്ങളെ ചോദ്യം ചെയ്തുകൊണ്ട് കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള റിട്ട് ഹർജി അടിയന്തരമായി തീർപ്പാക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പാടാക്കാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ;വിശദാംശം നൽകുമോ? | (സി) 1957 ലെ ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമങ്ങളെ ചോദ്യം ചെയ്തുകൊണ്ട് കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള റിട്ട് ഹർജികളിൽ വാദം അന്തിമ ഘട്ടത്തിലാണ്. ടി കേസുകളിൽ സർക്കാരിനുവേണ്ടി വാദിക്കുന്നതിന് സ്പെഷ്യൽ പ്ലീഡറെ നിയമിച്ചിട്ടുണ്ട്. സുപ്രിംകോടതിയിലെ സീനിയർ അഭിഭാഷകനും സംസ്ഥാനത്തിന് വേണ്ടി ഹാജരാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ